"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2025-26 - കോഴിക്കോട് ജില്ല- കുന്നമംഗലം നിയമസഭാ മണ്ഡലം - ഒളവണ്ണ ഗ്രാമപഞ്ചായത്ത് -' **ഒളവണ്ണ ബൊട്ടാണിക്കൽ ഗാർഡൻ റോഡ്"** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.692/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2026-ലെ LSGD/PD/3337/2026-EW7-നമ്പർ കത്ത്

ഉത്തരവ്

2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം || വാല്യം II ക്രമ നം. 2401 പ്രകാരം ഉൾപ്പെടുത്തിയിരിയ്ക്കുന്ന കോഴിക്കോട് ജില്ലയിലെ കുന്നമംഗലം നിയമസഭാ മണ്ഡലത്തിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ **' ഒളവണ്ണ ബൊട്ടാണിക്കൽ ഗാർഡൻ റോഡ്"** എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 10 ലക്ഷം രൂപ വകയിരുത്തിയ ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 -2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -വാല്യം II -ൽ ക്രമ നമ്പർ.2401 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്ന "**ഒളവണ്ണ ബൊട്ടാണിക്കൽ ഗാർഡൻ റോഡ്"** എന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **"4515-00-800-92(NP) "** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3415748/DEV-3/52/2026-Fin dated 06.03.2026) (AS/LGD/25/49628)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/115/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 12-03-2026 14:08:39

സെക്ഷൻ ഓഫീസർ